
My Lord and My God

marggam
DIGITAL PUBLISHING
www.marggam.org



പള്ളികളിൽ അനുഷ്ഠിക്കേണ്ടതായ

നമസ്കാരക്രമം

[അഞ്ചാം പതിപ്പ്]

PRINTED AT THE ST. JOSEPH'S PRESS
MANNANAM,
1955.

www.TheCMSIndia.in
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
DIGITAL PUBLISHING
www.marggam.org

Re-imprimatur.

† Mathew Kavukatt,
Bishop of Changanacherry.

Changanacherry,
15 — 9 — '55.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

ദൈവകൃപയാലെയും
പരിശുദ്ധ സിംഹാസനത്തിന്റെ മനോഗ്രണത്താലെയും
ചങ്ങനാശേരി മിസത്തിന്റെ വികാരി
അപ്പസ്തോലിക്കാ ആയ നാം
കയ്യാളച്ചേരിൽ തോമ്മാ
പെല്ലാ എന്ന ദിക്കിന്റെ

മെത്രാൻ

നമ്മുടെ ആജ്ഞയിൻകീഴിലുള്ള ബ. വികാരിമാക്കും അസിസ്റ്റന്തിമാക്കും ഇടവക പട്ടക്കാക്കും വിശ്വാസികൾ എല്ലാവക്കും നമ്മുടെ കർത്താവീശോമ്ശിഹായിൽ സമാധാനവും വാഴ്വും.

വന്ദ്യ സഹോദരരേ, സ്നേഹിക്കപ്പെട്ട മക്കളേ!

ദൈവാരാധന, ക്രമത്തോടെ കഴിക്കുന്നതു് എത്രയും സാരമേറിയ കായ്മയായിരിക്കുന്നു. ഇതു് നമ്മുടെ ഹൃദയങ്ങളിൽ ദൈവഭക്തിയുണ്ടായി വളരുന്നതിനും, തൻമൂലം ദൈവസ്തുതി വർദ്ധിക്കുന്നതിനും ഉപകരിക്കുന്ന ഒരു പ്രധാന മാർഗ്ഗമായിരിക്കുന്നു. ഇതിനാൽ ദൈവാലയത്തേയും, ബലിപീഠങ്ങളേയും, കർമ്മാനുഷ്ഠാനങ്ങളേയും സംബന്ധിച്ചു് ദൈവംതന്നെ പഴയ നിയമത്തിൽ മൂശദീഷ്ടശ്മൂലം ഏല്പിച്ചുതന്നിട്ടുള്ള അനേക നിബന്ധനകളെ നാം കാണുന്നു. ജനങ്ങളെ ആശീർവ്വദിക്കയിൽ പട്ടക്കാരൻ ഏതു വാക്യങ്ങളെ പ്രയോഗിക്കണമെന്നും ക്രമത്തെയും ദൈവംതന്നെ നിശ്ചയിച്ചുകൊടുത്തതായി സംഖ്യാഗമം ആറാം അദ്ധ്യായം 22, 26 വാക്യങ്ങളിൽ നാം വായിക്കുന്നു. അപ്രകാരംതന്നെ നാം സത്യത്തിലും അരൂപിയിലും എങ്ങിനെ ദൈവത്തെ വണങ്ങി നമസ്കരിക്കണമെന്നും മനുഷ്യാവതാരം ചെയ്ത ദൈവകുമാരൻ "ആകാശങ്ങളിൽ ഇരിക്കുന്ന" ജപം നമ്മെ പഠിപ്പിച്ചപ്പോൾ സർവ്വലോകത്തിനും പരസ്യപ്പെടുത്തി.

എന്നാൽ ദൈവത്തിന്റെ സത്യസഭയായ വിശുദ്ധ കത്തോലിക്കാപ്പള്ളിയിൽ ദൈവാരാധനക്രമം സത്യമായും

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

കൃത്യമായും നടത്തപ്പെടുന്നതിനുവേണ്ടി, ഭൂമിയിൽ ഈശോ മ്ശിഹായുടെ വികാരിയായ വിശുദ്ധ മാപ്പാപ്പായുടെ നേതൃത്വത്തിൽ മെത്രാന്മാരും വിശിഷ്യ രീത്തുകളുടെ തിരുസംഘവും ജാഗരൂകന്മാരായിരിക്കുന്നു. ആകയാൽ നമ്മുടെ വികാരിയാത്തിൽ ഉൾപ്പെട്ട സകല പള്ളികളിലും പൊതുക്കമ്മെങ്ങും ഐകരൂപ്യമായി അനുഷ്ഠിച്ചുവരണമെന്നു് നാം ആഗ്രഹിച്ചുകൊണ്ടു് ഈ "നമസ്ക്കാരക്രമം" നിങ്ങൾക്കു നാം യാത്രയാക്കുന്നു. ഇതിൽ നവമായി വല്ലതും നിങ്ങൾ കാണുമെങ്കിൽ, കത്തോലിക്കാസഭയുടെ പൊതുക്രമത്തോടു യോജിക്കാത്തതൊന്നും നാം അംഗീകരിച്ചിട്ടില്ലായെന്നു നിങ്ങൾ അറിഞ്ഞിരുന്നാൽ മതി. അപ്രകാരംതന്നെ ഇതിൽ അല്പ പ്രയാസം ആക്കെക്കിലും തോന്നുമെങ്കിൽ, നാം ഇഹത്തിൽ ജീവിക്കേണ്ടതു് പരത്തിൽ അനുഭവിക്കേണ്ട മോക്ഷാനന്ദത്തിനു് ആസ്ഥപ്പാടായ വിധത്തിൽ വേണമെന്നു മനസ്സിൽ ധരിച്ചാൽ ആ പ്രയാസങ്ങൾ നീങ്ങിപ്പോകുന്നതാണു്. നാം ഈ ജീവിതത്തിൽ നമസ്ക്കാരം, പ്രാർത്ഥന മുതലായ ഭക്തകൃത്യങ്ങൾ ചെയ്യുമ്പോൾ എന്താണു പ്രവർത്തിക്കുന്നതു്? Officium futurae claritatis ediscimus: "നിത്യാനന്ദത്തിൽ ചെയ്വാനിരിക്കുന്ന തൊഴിൽ ഇപ്പോൾതന്നെ അഭ്യസിക്കയത്രേ" എന്നു് തെർത്തുല്യൻ മറുപടി പറയുന്നു.

അപ്പഴോ വന്ദ്യ സഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ! നാമെല്ലാവരും ഒരു കാലത്തു് നിത്യാനന്ദവീട്ടിൽ ഒരുമിച്ചു ദൈവസ്തുതികളെ പാടുവാൻ സംഗതിയാകത്തക്കവണ്ണം ഇപ്പോൾ ഭൂമിയിൽ ഈ "നമസ്ക്കാരക്രമം" നിങ്ങളെല്ലാവരും ഭക്തിപുരസ്സരം ഉപയോഗിക്കണമെന്നു് നാം ആഗ്രഹിക്കയും ആജ്ഞാപിക്കയും ചെയ്യുന്നു. ബാവായുടെയും പുത്രന്റെയും റൂഹാദക്കുദശായുടേയും നാമത്തിൽ, ആമ്മേൻ.

മാന്നാനം ആശ്രമത്തിൽനിന്നു്,
ഫർമന്നു മെയ് മാ
വി. ഔ. മദ്ധ്യസ്ഥത്തിരുനാൾ.

marggam DIGITAL PUBLISHING www.marggam.org

ഷയെക്കുറിച്ചും നീ മോക്ഷരാജ്യത്തിൽ ഉത്തമ മഹത്വത്താൽ എന്നെ ബഹുമാനിപ്പാൻ തിരുമനസ്സായതിനെക്കുറിച്ചും ഈ രോഗിയുടെമേൽ അനുഗ്രഹിക്കേണമെ എന്നു് അരുളിച്ചെയ്യുമാറാകേണമെന്നു് സ്നേഹമുള്ള മാർ യെശേപ്പപിതാവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. 1 ആ. 1 ന. 1 ത്രി.

പ്രാർത്ഥിക്ക.

എത്രയും മഹത്വമുള്ള മാർ യെശേപ്പപിതാവേ, ഞങ്ങളുടെ അപേക്ഷകളാലും പ്രാർത്ഥനകളാലും ഒന്നുംതന്നെ പ്രാപിപ്പാൻ ഞങ്ങൾ യോഗ്യരാകുന്നില്ല. ഞങ്ങളുടെ ബലക്ഷയം അറിഞ്ഞു പരമാർത്ഥത്തോടെ നിന്റെ മുമ്പാകെ അനുസരിച്ചു പറയുന്നു. ഇതുനിമിത്തമായിട്ടു് ഇതാ നിന്റെ തൃപ്പാദത്തുങ്കൽ വീണു നിന്റെ എത്രയും വല്ലഭമുള്ള സഹായം ഞങ്ങൾ അപേക്ഷിക്കുന്നു. ഇപ്രകാരം ഞങ്ങളുടെ ബലക്ഷയത്താൽ ഞങ്ങൾക്കു കിട്ടുവാൻ കഴിയുന്നില്ല എന്നതൊക്കെയും നിന്റെ മാദ്ധ്യസ്ഥം വഴിയായിട്ടു ഞങ്ങൾക്കു തരിക. ഞങ്ങളുടെ കരച്ചിലുകളും നെടുവീർപ്പുകളും നീ ചെവിക്കൊൾക. എത്രയും ദാനശീലമുള്ളവനായ ഞങ്ങളുടെ യെശേപ്പപിതാവേ, ഞങ്ങളാരെക്കുറിച്ചു നിന്റെ തൃപ്പാദത്തുങ്കൽ കരഞ്ഞുകൊണ്ടു അപേക്ഷിക്കുന്നൊ, ആ ആളിന്റെ ശരീരത്തിനു ശക്തിയും ഉറപ്പും സൌഖ്യവും നൽകേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. അപ്പഴൊ ശു: മറിയത്തിന്റെ മുമ്പാകെയും ഏകസത്രൂപമായിരിക്കുന്ന ശു. ത്രിത്വത്തിന്റെ തിരുസിംഹാസനത്തിന്റെ മുമ്പാകെയും നിന്റെ അതിശയമുള്ള വല്ലഭമൊക്കെയും ഇതിനായി പ്രയോഗിച്ചുകൊള്ളേണമെ. നീ ഞങ്ങളുടെ കെല്പുക്ഷയത്തിന്റെ കറവുതീർത്തു നിന്റെ മാദ്ധ്യസ്ഥം വഴിയായിട്ടു് ഈ ആളിനു മുമ്പുള്ള ശരീരസൌഖ്യം കൊടുത്തു ഞങ്ങളെല്ലാവരും ഒന്നിച്ചു ഈ ദേവാലയത്തിൽ വന്നു പുകഴ്ത്തുള്ള സങ്കീർത്തനങ്ങൾ പാടിക്കൊണ്ടു് നിനക്കു സ്തോത്രം ചെയ്യുമാറാക്കേണമെ.

മു. { ഈശോമ്ശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സ. { ശുദ്ധ മാർ യെശേപ്പപിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

www.TheCMSIndia.in CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

നോട്ട അപേക്ഷിച്ച തരുവിക്കേണമെന്ന നിന്നോട്ട ഞാൻ അപേക്ഷിക്കുന്നു. 1 ത്രി.

4. എത്രയും വല്ലഭമുള്ള മാർ യെശുസേപ്പു പുണ്യവാനേ! ശെമഒൻ എന്ന പുണ്യവന്റെ ദീർഘദർശനത്താൽ നീയനുഭവിച്ച വ്യാകുലത്തെക്കുറിച്ചും, എണ്ണമില്ലാത്ത ആത്മാക്കളുടെ ഉയിർപ്പും രക്ഷയും അറിഞ്ഞതിനാൽ നീയനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഈ നന്മകളെ) സർവ്വേശ്വരനോട്ട അപേക്ഷിച്ച തരുവിക്കേണമെന്ന നിന്നോട്ട ഞാൻ അപേക്ഷിക്കുന്നു. 1 ത്രി.

5. എത്രയും വല്ലഭമുള്ള മാർ യെശുസേപ്പു പുണ്യവാനേ! മെസ്രേൻ എന്ന നാട്ടിലേക്കു ഓടിയൊളിക്കേണ്ടി വന്നതിനാൽ നീയനുഭവിച്ച വ്യാകുലത്തെക്കുറിച്ചും എജീപ്തിലെ വിഗ്രഹങ്ങൾ നിലത്തു വീഴുന്നതിനെ കണ്ടപ്പോൾ നീ അനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഈ നന്മകളെ) തമ്പുരാനോട്ട അപേക്ഷിച്ച തരുവിക്കേണമെന്ന നിന്നോട്ട ഞാൻ അപേക്ഷിക്കുന്നു. 1 ത്രി.

6. എത്രയും വല്ലഭമുള്ള മാർ യെശുസേപ്പു പുണ്യവാനേ! അക്കെലാവോസ് രാജാവിനെക്കുറിച്ചുള്ള ഭയത്താൽ നീയനുഭവിച്ച വ്യാകുലത്തെക്കുറിച്ചും, മാലാഖയുടെ അറിയിപ്പാൽ നിനക്കുണ്ടായ ഉറപ്പു ഹേതുവായിട്ട് അനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഈ നന്മകളെ) തമ്പുരാനോട്ട അപേക്ഷിച്ച തരുവിക്കേണമെന്ന നിന്നോട്ട ഞാൻ അപേക്ഷിക്കുന്നു. 1 ത്രി.

7. എത്രയും വല്ലഭമുള്ള മാർ യെശുസേപ്പു പിതാവേ! ഈശോമ്ശിഹാ കാണാതെയായിപ്പോയപ്പോൾ നീയനുഭവിച്ച വ്യാകുലത്തെക്കുറിച്ചും, ദേവാലയത്തിൽ തന്നെ കണ്ടെത്തിയപ്പോൾ നീയനുഭവിച്ച സന്തോഷത്തെക്കുറിച്ചും (ഈ നന്മകളെ) തമ്പുരാനോട്ട അപേക്ഷിച്ച തരുവിക്കേണമെന്ന നിന്നോട്ട ഞാൻ അപേക്ഷിക്കുന്നു. 1 ത്രി.

മു. { ഈശോമ്ശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ,

സ. { മാർ യെശുസേപ്പു പുണ്യവാനേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

ജനുവരി 3-ാം ഞായർ

തിരുക്കുടുംബത്തിന്റെ തിരുനാൾ.

1. ആദിയും അന്തിയും ഇല്ലാത്ത പിതാവായ ദൈവമേ, അവിടുന്നു നസ്രായനായ കുടുംബത്തെ ആശീർവ്വദിക്കുകയും സംരക്ഷിക്കുകയും ചെയ്തുവല്ലൊ. അതുപോലെ ഞങ്ങളുടെ കുടുംബങ്ങളേയും (ഈ കുട്ടത്തേയും) ആശീർവ്വദിക്കുകയും സംരക്ഷിക്കുകയും ചെയ്യേണമെ. 1 ആ. 1 ന. 1 തൃ.

ഈശോമറിയം യൌസേപ്പേ, ഞങ്ങളുടെ കുടുംബങ്ങളെ നിങ്ങളുടെ തിരുക്കുടുംബത്തിനു തുല്യമാക്കിയരുളേണമെ.

2. തിരുക്കുടുംബവാസികളായ ഈശോ മറിയം യൌസേപ്പേ, ഞങ്ങളുടെ ആത്മാവിനേയും ശരീരത്തേയും നിങ്ങൾക്കു ഞങ്ങൾ കാഴ്ചവെക്കുന്നു. ഞങ്ങളുടെ ശരണവും സങ്കേതവും, ഞങ്ങളുടെ രക്ഷയും നിങ്ങളാകുന്നു. നിങ്ങളുടെ ഭവനം ഒരു ചെറിയ സ്വർഗ്ഗവും നിങ്ങളുടെ പരിശുദ്ധ ജീവിതം മാലാഖമാർക്കുകൂടെയും വിസ്മയിക്കുവാൻ തക്കതുമായിരുന്നല്ലൊ. കുടുംബജീവിതക്കാരായ (കുട്ടജീവിതക്കാരായ) ഞങ്ങളുടെമേൽ കരുണയുണ്ടായി ഞങ്ങൾക്കുവേണ്ടി നിത്യപിതാവിനോടു പ്രാർത്ഥിച്ചു ലോകം, പിശാചു്, ശരീരം എന്ന ശത്രുക്കളോടുള്ള സമരത്തിൽ ഞങ്ങൾക്കു വിജയം കൈവരിച്ചു തരേണമെ. ഞങ്ങളുടെ കുടുംബജീവിതത്തിൽ (കുട്ടജീവിതത്തിൽ) ഞങ്ങൾക്കു നേരിടുന്ന സകല ആപത്തുകളിൽനിന്നും, രോഗപീഡകളിൽനിന്നും, മനശ്ശരീര ക്ലേശങ്ങളിൽനിന്നും ദാരിദ്ര്യാദി വിഷമതകളിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കേണമെ.

1 ആ. 1 ന. 1 തൃ.

ഈശോ മറിയം യൌസേപ്പേ, ഞങ്ങളുടെ കുടുംബങ്ങളിലും ഞങ്ങളുടെ കുടുംബജീവിതത്തിലും (ഞങ്ങളുടെ കുട്ടജീവിതത്തിലും) ഞങ്ങൾക്കു നേരിടുന്ന നാനാവിധത്തിലുള്ള വിഷമതകളിൽനിന്നു നിങ്ങൾ ഞങ്ങളെ കാത്തുരക്ഷിക്കേണമെ.

3. നസ്രായനായ കുടുംബത്തിൽ പ്രാർത്ഥിച്ചും, വേലചെയ്തും, തമ്മിൽ ക്ഷമിച്ചും സഹിച്ചും സ്നേഹിച്ചും ബഹുമാനിച്ചും ശു

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam DIGITAL PUBLISHING
www.marggam.org

ശുഷ്ഠിച്ചും ജീവിച്ചിരുന്ന ഈശോ മറിയം യൌസേപ്പേ, ഞങ്ങളും ഞങ്ങളുടെ കുടുംബങ്ങളിൽ (ഞങ്ങളുടെ കൂട്ടത്തിൽ) നിങ്ങളെപ്പോലെ പ്രാർത്ഥിച്ചും പ്രവർത്തിച്ചും ജീവിപ്പാൻ ഇടയാക്കേണമെ.

സമാധാനത്തിന്റെ രാജാവായ ഈശോയേ, അവിടുന്നു 30 വർഷം അങ്ങേ മാതാവിനോടും വളർത്തുപിതാവിനോടുംകൂടെ നസ്രസ്സുഭവനത്തിൽ ജീവിച്ചിരുന്നപ്പോൾ അവിടെ സമാധാനം സർവ്വദാ പരിശോഭിക്കുകയും അവിടുത്തെ നിവാസികൾക്കു നേരിട്ടിരുന്ന ദാരിദ്ര്യത്തിലും മനശ്ശരീര ക്ലേശങ്ങളിലും അങ്ങേ ഹിതത്തിനു വിധേയരായി ദൈവപരിപാലനയിൽ സമ്പൂർണ്ണമായി ദൈവവിശ്വാസപൂർവ്വം ജീവിച്ചിരുന്നതുപോലെ ഞങ്ങൾക്കും ജീവിപ്പാൻ ഇടയാക്കേണമെ. അവിടെ മാതാവിനും യൌസേപ്പു പിതാവിനും നൽകിയ സമൃദ്ധമായ ദൈവാനുഗ്രഹങ്ങളുടെ ഒരു കാഹരി ഇവിടെ ഞങ്ങൾക്കും നൽകേണമെ. ഞങ്ങളുടെ കുടുംബങ്ങളിൽ (ഞങ്ങളുടെ കൂട്ടത്തിൽ) സമാധാനവും പരസ്പരസ്നേഹവും, സന്തോഷവും, ശുശ്രൂഷയും, ബഹുമാനവും സമ്പൂർണ്ണമായി നടമാടുവാൻ ഇടയാക്കുകയും ചെയ്യേണമെ. 1 ആ. 1 ന. 1 ശ്രീ.

4. ഈശോ മറിയം യൌസേപ്പേ, ഞങ്ങൾക്കു പ്രാർത്ഥനയിൽ തീക്ഷ്ണതയും ജോലികായ്ങ്ങളിൽ ഉത്സാഹവും തമ്മിൽ തമ്മിൽ സ്നേഹവും സമാധാനവും സന്തോഷവും മറ്റു എല്ലാവിധ പുണ്യങ്ങളും പ്രദാനംചെയ്യണമേ എന്നു നിങ്ങളോടു ഞങ്ങൾ സവിനയം യാചിക്കുന്നു.

പ്രാർത്ഥിക്ക.

പിതാവു് പുത്രൻ പരിശുദ്ധാത്മാവായ ത്രിത്വൈക സർവ്വേശ്വരാ, നസ്രസ്സു കുടുംബത്തിൽ വസിച്ചിരുന്ന പരിശുദ്ധ ദൈവജനനിയുടെയും യൌസേപ്പു പിതാവിന്റെയും, സ്വർഗ്ഗവാസികളായ സകല മാലാഖാമാരുടെയും പുണ്യവാന്മാരുടെയും പുണ്യവതികളുടെയും സമസ്ത പുണ്യയോഗ്യതകളേയും കുറിച്ചു് ഞങ്ങൾക്കു ഞങ്ങളുടെ കുടുംബജീവിതം (കൂട്ടജീവിതം) ഏറ്റവും വിശുദ്ധമായി നയിച്ചു് അനന്തരം ഒരു ഭാഗ്യമരണം കൈവരിച്ചു് സ്വർഗ്ഗീയ തിരുക്കുടുംബത്തിൽ ഞങ്ങൾ വന്നുചേരുവാൻ ഇടയാക്കണമെ. ആമ്മേൻ.

(സ്ലോസാ 80-ാം പക്ഷം കാണുക.)

www.TheCMSIndia.in
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

---

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org